"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വളർച്ച ഇല്ലായ്മ, ബഹുവൈകല്യം മുതലായ ഭിന്നശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാരുടെ ജോലി സമയത്തിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.2/2023/SJD തീയതി,തിരുവനന്തപുരം, 11-05-2023

---

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 02.08.2022 തീയതിയിലെ എസ്.ജെ.ഡി. 364/2022/ഡി2 നമ്പർ കത്ത്

2. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 21.03.2023-ൽ ചേർന്ന യോഗത്തിന്റെ മിനുട്ട്സ്

**ഉത്തരവ്**

ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വളർച്ച ഇല്ലായ്മ, ബഹുവൈകല്യം മുതലായവ അവസ്ഥയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് ജോലി സമയത്തിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവായ സമീപനം സ്വീകരിക്കുന്നതിലേയ്ക്കായി സമഗ്രമായ ശിപാർശ സമർപ്പിക്കുവാൻ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു. 2016-ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമത്തിന്റെ പരിധിയിൽ 21 തരം ഭിന്നശേഷിത്തമാണ് ഉൾപ്പെടുന്നതെന്നും അതിൽ ബുദ്ധിപരമായ വെല്ലുവിളി, മാനസിക വളർച്ച ഇല്ലായ്മ, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം എന്നീ വിഭാഗത്തിലുള്ള ഭിന്നശേഷിത്തമുള്ള കുട്ടികൾക്ക് സ്വന്തം കാര്യങ്ങൾ ചെയ്യുന്നതിന് മറ്റു വിഭാഗം ഭിന്നശേഷിക്കാരെക്കാൾ കൂടുതൽ സമയം ആവശ്യമാണെന്നും മാത്രവുമല്ല പ്രസ്തുത കാര്യങ്ങൾ ചെയ്യുന്നതിന് പരസഹായം ആവശ്യവുമാണെന്നും, ഭിന്നശേഷിത്തമുള്ള കുട്ടികൾക്ക് മാതാപിതാക്കളുടെ ശ്രദ്ധയും പരിചരണവും കൂടുതലായി ആവശ്യമാണ് എന്നതിനാൽ, ഇത്തരം കുട്ടികളുടെ രക്ഷിതാവിന് ജോലി സമയത്തിൽ ഒരു ദിവസം പരമാവധി ഒരു മണിക്കൂർ വരേയും ഒരു മാസത്തിൽ 15 മണിക്കൂർ (900 മിനുട്ടുകൾ) അധികരിക്കാതെയും ജോലി സമയത്തിൽ ഇളവ് അനുവദിക്കുന്നത് ഉചിതമാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (1 )പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓട്ടിസം, സെറിബ്രൽ പാൾസി, മാനസികവളർച്ച ഇല്ലായ്മ (mental retardation), ബഹുവൈകല്യം (multiple disabilities), മുതലായ അവസ്ഥകളിൽ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാരിൽ ഒരാൾക്ക്, ജോലി സമയത്തിൽ സർക്കാർ

ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ഇളവുകൾക്കുപുറമേ ഒരു മാസം ആകെയുള്ള ജോലി സമയത്തിൽ പരാമാവധി 16 മണിക്കൂർ കൂടി ഇളവ് അനുവദിച്ചുകൊണ്ടും, ടി ഇളവ് സംസ്ഥാനത്തെ മുഴുവൻ സർക്കാർ കാര്യാലയങ്ങളിലും, Rights of Persons with Disabilities Act 2016 ലെ section 2(k)ൽ വിവക്ഷിക്കുന്ന എല്ലാ 'Government establishment'-ലും ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പെടെ)
എല്ലാ വകുപ്പ്
മേധാവികൾക്കും/യൂണിവേഴ്സിറ്റികൾ/കമ്പനി/കോർപ്പറേഷൻ/ബോർഡ്/പൊതുമേഖലാ സ്ഥാപനങ്ങൾ.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
കമ്മീഷണർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള
തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
പൊതുഭരണ (ഏകോപന) വകുപ്പ്
പൊതുഭരണ (എ.എം.സി) വകുപ്പ്
തൊഴിലും നൈപുണ്യവും വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jasmine Thomas
Date: 12-05-2023 10:26:59
സെക്ഷൻ ഓഫീസർ